# ST.THERESA' S HIGH SCHOOL


MANAPPURAM P.O, CHERTHALA ALAPPUZHA

**PIN:688526,PHONE: 0478 - 2532159 E-Mail:34035alappuzha@gmail.com**

**DEO :CHERTHALA AEO :THURAVOOR EDN.DISTRICT :ALAPPUZHA**


# ACADEMIC

# MASTER PLAN

# 2025 - 2026


സ്നേഹാദരങ്ങളോടെ
സെന്റ് തെരേസാസ് ഹൈസ്കൂൾ മണപ്പുറം
ST.THERESA'S H.S.
MANAPPURAM
ST. THERESA'S HIGH SCHOOL


ST. THERESA'S HIGH SCHOOL
STOP

# ഉള്ളടക്കം


1. ആമുഖം

2.സ്കൂൾ ചരിത്രം

3.വിജയത്തിളക്കങ്ങൾ

4.ലക്ഷ്യങ്ങൾ

5.സ്റ്റാഫ് അംഗങ്ങൾ

6..സ്കൂൾ പെർഫോമ

7.സ്കൂൾ പി റ്റി എ

8.അക്കാദമിക സൗകര്യങ്ങൾ

9.സ്കൗട്ട് ആൻഡ് ഗൈഡ്

10.ലിറ്റിൽ കൈറ്റ്സ്

11.സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്

12.ജൂനിയർ റെഡ് ക്രോസ്

13.കായികം

14.അനുബന്ധ പ്രവർത്തനങ്ങൾ

15.വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ

# ആമുഖം

വിദ്യാഭ്യാസരംഗത്ത് വിലയേറിയ സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന CMI സഭയുടെ രാജഗിരി തിരുഹൃദയ പ്രവിശ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് സെന്റ് തെരേസാസ് ഹൈസ്കൂൾ മണപ്പുറം. 962 കുട്ടികളും, 33 അധ്യാപകരും 5 അനധ്യാപകരുമാണ് ഈ വിദ്യാലയത്തിലുള്ളത്. പാഠ്യ – പാഠ്യേതര വിഷയങ്ങളിൽ സ്കൂൾ മികച്ച മുന്നേറ്റമാണ് കൈവരിക്കുന്നത്.

SSLC പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടുന്ന ഈ വിദ്യാലയം കുട്ടികളുടെ കലാ കായിക ശാസ്ത്ര അഭിരുചികളെയും വളർത്തുന്നതിൽ ശദ്ധ പുലർത്തുന്നു. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ എട്ടാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സിലിക്കാമണൽ നിറഞ്ഞ ഈ ഭൂപ്രദേശം മണപ്പുറം എന്ന പേരിലാണ് അറിയപ്പെടുന്നത്. കയർ തൊഴിലാളികളും കാർഷിക തൊഴിലാളികളം മത്സ്യ തൊഴിലാളികളുമാണ് ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിഭാഗവും.

കുട്ടികളുടെ മാനസികവും ബൗദ്ധികവും അക്കാദമികവും ആത്മീയവുമായ സമഗ്ര വികസനം ഉറപ്പുവരുത്തി ഭാവിയിലെ വാഗ്ദാനങ്ങളായി രൂപപ്പെടുത്തി സമൂഹത്തിന് നല്ല മാതൃകകളായ കുട്ടികളെ വാർത്തെടുക്കുന്ന ഒരു വിദ്യാലയം എന്ന പദവിയിലെത്തുക എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രഥമ ലക്ഷ്യം.

ലക്ഷ്യത്തിലെത്തിച്ചേരുന്നതിന് ആവശ്യമായ നൂതന ഭൗതിക സാഹചര്യങ്ങളും പിന്തുണാ സംവിധാനവും ഒരുക്കുകയും ഈ ലക്ഷ്യപ്രാപ്തിക്കായി മാനേജ്മെന്റും അധ്യാപകരും രക്ഷകർത്താക്കളും ഒരുമയോടെ പ്രവർത്തിക്കുകയുംചെയ്യുന്നു. ഒരുമയോടുള്ള പ്രവർത്തനത്തിലൂടെ മണപ്പുറത്തിന്റെ അക്ഷരദീപമായി ഈ സ്കൂൾ പ്രശോഭിക്കുന്നു.

# സ്കൂൾ ചരിത്രം

1926 മെയ് 17 ന് വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ മണപ്പുറം ആശ്രമ കെട്ടിടത്തിന് അന്നത്തെ പ്രീയോർ ജനറലായിരുന്ന ബഹു. നേര്യംപറമ്പിലച്ചൻ തറക്കല്ലിട്ടു. 1926 ഡിസംബറിൽ പ്രഥമ മണപ്പുറം വികാരിയായി ബഹു. പാലയ്ക്കൽ തോമാച്ചൻ സ്ഥാനമേറ്റു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ജീവിതത്തെ സംസ്കാരപൂർണമാക്കാൻ സാധിക്കൂ എന്ന് പഠിപ്പിച്ച, വി. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചൻ തുടങ്ങിവച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളെ തുടർന്നുകൊണ്ട് പോകുന്നതിനുള്ള ആദ്യ പടിയായി 1938 ൽ പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 1964 ൽ UP സ്ക്കൂളും 1982 ൽ ഹൈസ്ക്കൂളും ആരംഭിച്ചു.

ശ്രീ. ചാക്കോ മഠത്തിപറമ്പിൽ ആയിരുന്നു ആദ്യ LP School പ്രഥമ അധ്യാപകൻ. റവ. ഫാ. ചാൾസ് കോറോത്ത് CMI ആയിരുന്നു പ്രഥമ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ.

മാനേജ്മെന്റിന്റെ കീഴിൽ സെന്റ് തെരേസാസ് പ്രീപ്രൈമറി സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്.LKG ,UKG വിഭാഗങ്ങളിൽ 52 കുട്ടികൾ ഇവിടെ പഠിക്കുന്നു.

# ഭൗതികസാഹചര്യങ്ങൾ

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചാത്ത് 8-ാം വാർഡിൽ വേമ്പനാട് കായൽ തീരത്ത് ഏകദേശം 4 ഏക്കറോളം വിസ്തൃതിയിൽ LP, UP, HS എന്നീ വിഭാഗങ്ങൾ 3 കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. UP, HS ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ്സ് മുറികളാണ്. LP, UP, HS വിഭാഗങ്ങൾക്ക് സുസജ്ജമായ കമ്പ്യൂട്ടർ ലാബുകളും, സയൻസ് ലാബ്, ഇന്റലിജന്റ് ഇന്ററാക്റ്റീവ് പാനൽ, കുടിവെള്ളപദ്ധതി, പാചകപ്പുര, വിശാലമായ ആഡിറ്റോറിയം (തെരേസിയൻ ഹാൾ), മിനി ആഡിറ്റോറിയം (ചാവറ ഹാൾ), ഫുട്ബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്, ലൈബ്രറി, Announcement system, എന്നിവയും ഈ വിദ്യാലയത്തിന്റെ മേന്മകളാണ്. കുട്ടികളുടെ യാത്ര സൗകര്യത്തിനായി 4 വാഹനങ്ങൾ ഒരുക്കിയിട്ടുമുണ്ട്.

# സ്കൂൾ അഭിമുഖീകരിക്കുന്നപ്രധാന പ്രതിസന്ധികൾ

വിദ്യാലയ പ്രവർത്തനങ്ങൾ അധിവേഗം ലക്ഷ്യപ്രാപ്തിയിലെത്താൻ ഏറ്റവും അനിവാര്യമാണ് കുട്ടികളുടെ സാമൂഹ്യ-സാമ്പത്തീക - ആരോഗ്യ പശ്ചാതലം .നമ്മുടെ വിദ്യാലയത്തിലെ ഒരു വിഭാഗം കുട്ടികൾ പ്രശ്നകലുഷിതമായ കുടുംബാന്തരീക്ഷത്തിൽ നിന്നും വരുന്നവരാണ് അതിനാൽ പഠന നേട്ടങ്ങൾ കൈവരിക്കുന്നതിൽ താമസം നേരിടുന്നു. മാനസീകമായും സാമ്പത്തീകമായും ഒരു കരുതൽ അവർക്ക് നൽകേണ്ടതുണ്ട് .കുട്ടികൾക്ക് സഹായത്തിനായ് ഒരു കൗൺസിലറുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം ഇവിടെ ലഭ്യമാണ്

രക്ഷകർത്താക്കൾ Separate ആയിട്ടുള്ള കുട്ടികൾ, രക്ഷകർത്താക്കൾ രോഗാവസ്ഥയിൽ ഉള്ളവർ ,സുരക്ഷിതമായ ഭവനം ഇല്ലാത്തവർ ഇത്തരത്തിലുള്ള കുട്ടികൾക്ക് പത്യേക ശദ്ധ നൽകുന്നു.

# Achievements of our School

## 2024-2025

## State

- Work experience clay modelling – 2nd A grade
- State Inclusive sports – Participation
- First Rank State level Abacus Exam.

## Sub District

- HS Nadodinritham – 1st with Agrade
- HS Group dance – 1st with A grade
- UP Bharathanatyam – 1st with A grade
- UP nadodinritham – 1st with A grade
- UP Mohiniyattam – 1st with A grade
- First Prize in IT Quiz
- 2nd prize in C V Raman Essay Competition
- First Prize in Science seminar sub district level.

## District

- HS Nadodinritham – 2nd with A grade
- HS group dance – 3rd with A grade
- UP Bharathanatyam – 3rd with A grade
- UP Nadodinritham - 3rd with A grade
- 3r Rank in Science improvised experiment in revenue district level.
- Sanskrit Scholarship winners – 6
- Alappuzha district Oru Pidi Nanma Project – Selected Twelve Schools from Alappuzha District. Our School is the only Aided School among these selected Schools under Cherthala DEO.
- 1Hr for Road Safety Project completes 125 days which was recognized by grama panchayath.
- Sugama Hindi A+ winners

## Scout and Guides

- Rajyapuraskar winners – 30 students
- Started Scout and Guides Extra unit. (Scout 1 Unit and Guide 1Unit)

## Little Kites

- Little Kites A grade for 19 Students

## Overall Championship

- **Overall Championship in LP School Athletics Thuravoor sub district sports meet.**

## THERESIAN SOCCER

- Runners up in Theresian Soccer,Inter School football Tournament.

# <u>ലക്ഷ്യങ്ങൾ</u>

1.സമഗ്ര ഗുണമേന്മ പദ്ധതി -സ്കൂളിലെ എല്ലാകുട്ടികളും എല്ലാ വിഷയങ്ങളിലും 30%  കൂടുതൽ മാർക്ക് കൈവരിക്കുവാൻ പ്രാപ്തരാക്കുന്നു

2 .എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച്, നിലവാരമനുസരിച്ച് ഭാഷയിലെ ഉയർന്നശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുന്നു

Reading Corner-വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമായ അവസരങ്ങൾ ഒരുക്കുന്നു

4.Safe Campus-Campus മദ്യം, മയക്കുമരുന്ന് വിമുക്തമാക്കി കുട്ടികളെ സുരക്ഷിതരാക്കുന്നു.

5. Learning assessment

പഠന പുരോഗതി രേഖ തയ്യാറാക്കൽ, പഠനനില കണ്ടെത്തി ആവശ്യമായ പഠന പിന്തുണ നൽകുന്നു.

6.ദിനാചരണങ്ങൾ ഓരോ പ്രധാന ദിനങ്ങളുടെയും പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.

7.ബോധവൽക്കരണ ക്ലാസ്സ്

വിവിധ വിഷയങ്ങളിലായി കുട്ടികൾക്കും മാതാപിതാക്കൾക്കും മാസംതോറും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

7.ഒന്നൊരുക്കം ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതി അവരുടെ പഠനം

ആസ്വാദ്യകരവും മെച്ചപ്പെടുത്താനുമുള്ള പദ്ധതി

8.Councelling

കുട്ടികളിലെ മാനസിക പിരിമുറുക്കം ലഘൂകരിച്ച് വ്യക്തിത്വ വികസനത്തിന് സഹായിക്കുന്നു

9. **മധുരം മലയാളം** : എല്ലാകുട്ടികളെയും മലയാളം വായിക്കാനും,

എഴുതാനും പരിശീലിപ്പിക്കുന്നു

10. **ലളിതം ഗണിതം :** എല്ലാ കുട്ടികളെയും ഗണിത ക്രിയകളിൽ പ്രാവീണ്യം ഉള്ളവരാക്കുന്നു.

11. **English Clubhouse :** എല്ലാകുട്ടികൾക്കും communicative english ൽ പരിശീലനം നൽകുന്നു.

12. **Clean and Green Campus :** വിദ്യാലയാന്തരീക്ഷം ശുചിത്വമുള്ളതും ഹരിതാഭവുമാക്കുന്നു.

13. **Nutrition Garden :** ജൈവ വളം മാത്രം ഉപയോഗിക്കുന്ന പച്ചക്കറിത്തോട്ടം.

14. **Success Steps :** പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് Remedial Teaching.

15. **Fit Minds :** കുട്ടികൾക്ക് യോഗാ, സൂംബ ഡാൻസ്, എന്നിവയിൽ പരിശീലനം.

16. **50 A+, No D+** : SSLC പരീക്ഷയിൽ 100% വിജയവും മികച്ച മാർക്കും നേടാനുള്ള പരിശീലനം .

# ST.THERESA'S HIGH SCHOOL MANAPPURAM

## *Staff List - 2025-2026*

| | |
|---|---|
| HEADMISTRESS | REGI ABRAHAM P |
| SENIOR ASSISTANT | VINCYMOL T K |
| STAFF SECRETARY | AJU DAVIS |
| | |
| CLASS & DIVSIONS | CLASS TEACHERS NAME |
| | |
| 1 .A | ANILA ANTONY |
| 1. B | MARIA COLITTA GONSALVEZ |
| II.A | ANNA TENESHYA |
| II.B | SR HANNAH |
| III.A | AMAL MARIA JAMES |
| III.B | SR. ANUPAMA |
| IV.A | AJU DAVIS |
| IV.B | ANITTA ANN ANCILY |
| V.A | JOSNA JOSEPH |
| V.B | SYAMA G NAIR |
| V.C | ATHIRA C S |
| VI.A | NITHYA ANTO |
| VI.B | SIJO KURIAN |
| VI.C | BINDU THOMAS |
| VII.A | FR ANTOCHAN THOMAS |
| VII.B | ELDOSE JOSEPH |
| VII.C | FR. SAJAN ANTONY |
| VIII.A | FR VIPIN THOMAS |
| VIII.B | BINCY THOMAS |
| VIII.C | RESHMA K J |
| IX.A | ARUN ROY |
| IX.B | MARIYA JOHN |
| IX.C | FR SHAIJU GEORGE |
| X.A | FR.SIBIN CHERIAN |
| X.B | CLOLIYA JAMES |
| X.C | CLINTON N F |
| | |
| TEACHERS NAME | DESIGANTION |
| | |
| HARIKUMAR O S | H S T, SANSKRIT |
| GEETHU P G | HST ,HINDI |
| BOBITHA V | HST, MALAYALAM |
| JOMY JOSEPH | PHY.EDU.TEACHER |
| MEERA L | L G HINDI TEACHER |
| | |
| OFFICE STAFF | DESIGNATION |
| | |
| SHIBU V | CLERK |
| BINU VARGHESE | OFFICE ATTENDANT |
| JINCY JOSEPH | OFFICE ATTENDANT |
| REENA DENNA K X | F T M |
| LIMSO POULOSE | F T M |

| Strength Of Students 2025-2026 | | | | | Sanskrit Students | | |
|---|---|---|---|---|---|---|---|
| Sl.No | Std & Division | Boys | Girls | Total | Boy | Girl | Total |
| 1 | I.A | 11 | 12 | 23 | | | |
| 2 | I.B | 11 | 11 | 22 | | | |
| 3 | II.A | 9 | 16 | 25 | | | |
| 4 | II.B | 12 | 14 | 26 | | | |
| 5 | III.A | 10 | 13 | 23 | | | |
| 6 | III.B | 11 | 14 | 25 | | | |
| 7 | IV.A | 14 | 12 | 26 | | | |
| 8 | IV.B | 14 | 12 | 26 | | | |
| 9 | V.A | 15 | 20 | 35 | 15 | 20 | 35 |
| 10 | V.B | 38 | 8 | 46 | | | |
| 11 | V.C | 28 | 16 | 44 | | | |
| 12 | VI.A | 10 | 23 | 33 | 10 | 23 | 33 |
| 13 | VI.B | 17 | 21 | 38 | | | |
| 14 | VI.C | 20 | 19 | 39 | | | |
| 15 | VII.A | 31 | 20 | 51 | 22 | 11 | 33 |
| 16 | VII.B | 20 | 29 | 49 | | | |
| 17 | VII.C | 24 | 24 | 48 | | | |
| 18 | VIII.A | 26 | 25 | 51 | 4 | 15 | 19 |
| 19 | VIII.B | 23 | 31 | 54 | | | |
| 20 | VIII.C | 19 | 6 | 25 | | | |
| 21 | IX.A | 29 | 25 | 54 | 11 | 12 | 23 |
| 22 | IX.B | 31 | 22 | 53 | | | |
| 23 | IX.C | 10 | 12 | 22 | | | |
| 24 | X.A | 21 | 33 | 54 | 3 | 13 | 16 |
| 25 | X.B | 23 | 28 | 51 | | | |
| 26 | X.C | 12 | 7 | 19 | | | |
| Total | | 489 | 473 | 962 | 65 | 94 | 159 |
| L K G | | 12 | 12 | 24 | | | |
| U K G | | 11 | 17 | 28 | | | |
| Total | | 23 | 29 | 52 | | | |
| G .Total | | 512 | 502 | 1014 | | | |

# School PTA

വിദ്യാലയത്തിലെ പ്രവർത്തനങ്ങളിൽ അധ്യാപകർക്ക് ഉറച്ച പിന്തുന്ന നൽകുന്ന ഒരു PTA യാണ് ഈ വിദ്യാലയത്തിൻ്റെ നട്ടെല്ല്. എല്ലാ രക്ഷകർത്താക്കളും PTA അംഗങ്ങളാണ്. ഓരോ അധ്യാനവർഷവും ജൂൺ മാസത്തിൽ നടത്തുന്ന PTA വാർഷിക പൊതുയോഗത്തിൽ നിന്നാണ് PTA എക്സിക്യൂട്ടീവ് കമ്മിറ്റിയും MPTA എക്സിക്യൂട്ടീവ് കമ്മിറ്റിയും തെരഞ്ഞെടുക്കുന്നത് കമ്മറ്റിയംഗങ്ങളിൽ നിന്ന് പ്രസിഡൻ്റിനേയും വൈസ് പ്രസിഡൻ്റിനേയും തിരഞ്ഞെടുക്കുന്നു. 15 അംഗങ്ങളാണ് PTA എക്സിക്യൂട്ടീവ് കമ്മറ്റിയിലുള്ളത്. MPTA യിൽ 5 അംഗങ്ങളും.

PTA Executive Committee 2025 – 2026

School Manager : Rev. Fr.James Puthussery CMI
Headmistress : Regi Abraham P
PTA President : Dipu S Pillai
PTA Vice President : Kanmani
PTA Secretary : Nithya Anto
Auditor : K. J Sajeev

MPTA President : Jisha Vijaya Kumar
MPTA Secretary : Aswathy Santhosh

PTA Members

- Aneesh K. A
- Jomon Thomas
- Vijusha Sumesh
- A.K Suresh
- Vincymol T K
- Aju Davis
- Bindu Thomas
- Fr. Shaiju George CMI
- Fr. Sibin Cherian CMI
- Sr. Anupama
- Cloliya James
- Anna Teneshya

MPTA Members

- Neethu Janardanan
- Sheeja Mahesh

# അക്കാദമിക സൗകര്യങ്ങൾ

ഒന്നാം ക്ലാസുമുതൽ ഹിന്ദി ഭാഷാ പഠനത്തിനും അഞ്ചാം ക്ലാസുമുതൽ സംസ്കൃതം ഭാഷാ പഠനത്തിനും പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. LSS, USS പരിശീലനം, NMMS പരീക്ഷാ പരിശീലനവും, ഈ വിദ്യാലയത്തിൽ നടത്തുന്നുണ്ട്. കുട്ടികളുടെ മാനസിക ആരോഗ്യത്തിനായി ഒരു കൗൺസിലിംഗ് വിഭാഗവും ഈ വിദ്യാലത്തിൽ പ്രവർത്തിക്കുന്നുണ്ട്. SRG കൗൺസിലാണ് അക്കാദമിക പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നത്. SRG യുടെ കീഴിൽ വിവിധ ക്ലബുകൾ പ്രവർത്തിക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ പഠനാനുബന്ധ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുന്നു.

Science Club

Eco Club

Health Club

Social Science Club

Maths Club

Little Kites

Gandhi Darshan

Sports Club

# സ്കൗട്ട് ആൻഡ് ഗൈഡ്

സ്കൗട്ടിംഗും ഗൈഡിംഗും ലോകമെമ്പാടുമുള്ള യുവജന പ്രസ്ഥാനങ്ങളാണ്. കുട്ടികളിലെ നല്ല വ്യക്തിത്വവികസനത്തിന് ഊന്നൽ നൽകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് രൂപകല്പന ചെയ്യുന്നത്. നമ്മുടെ വിദ്യാലയത്തിലും സ്കൗട്ട് ആൻഡ് ഗൈഡ് വളരെ ഊർജ്ജസ്വലതയോടെ തന്നെ പ്രവർത്തിക്കുന്നു. ഈ രണ്ടു പ്രസ്ഥാനങ്ങളും പ്രായോഗിക ഔട്ട്ഡോർ പ്രവർത്തനങ്ങളിൽ നൽകുന്ന അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയാണ്. ക്യാമ്പിങ്, ഗുഡ് ക്രാഫ്റ്റ്, ഹൈകിംഗ്, സ്പോർട്സ്, സാമൂഹിക പ്രവർത്തനങ്ങൾ, ക്ലീനിങ്, കൃഷി തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റുകൾ മനോഹരമായി തന്നെ കൈകാര്യം ചെയ്തുപോകുന്നു.

സ്കൗട്ട് ഇപ്പോൾ രണ്ട് യൂണിറ്റ് ആണ് ഉള്ളത്. ഒരെണ്ണം ബിൻസി ടീച്ചർ സ്കൗട്ട് മാസ്റ്റർ ആയിട്ടുള്ള യൂണിറ്റാണ്. അതിൽ 32 കുട്ടികളുണ്ട്. അടുത്ത യൂണിറ്റ് എൽദോ സാർ സ്കൗട്ട് മാസ്റ്റർ ആയിട്ടുള്ള യൂണിറ്റാണ്.

ഗൈഡ് യൂണിറ്റുകൾ മൂന്നെണ്ണം ആണ് ഉള്ളത്.അനില ടീച്ചർ ഗൈഡ് ക്യാപ്റ്റൻ ആയിട്ടുള്ള യൂണിറ്റിൽ ഇപ്പോൾ 14 കുട്ടികളും, നിത്യ ടീച്ചർ ഗൈഡ് ക്യാപ്റ്റൻ ആയിട്ടുള്ള യൂണിറ്റിൽ 30 കുട്ടികളും ഗീതു ടീച്ചർ ഗൈഡ് ക്യാപ്റ്റൻ ആയിട്ടുള്ള യൂണിറ്റിൽ 16 കുട്ടികളും ഉണ്ട്.

സ്കൗട്ട് ആൻഡ് ഗൈഡിന്റെ പ്രവർത്തനങ്ങൾ സ്കൂളിന് എന്നും മുതൽക്കൂട്ടാണ്.

# ലിറ്റിൽ കൈറ്റ്സ്

2018 മുതൽ മണപ്പുറം സെന്റ് തെരേസാസ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഒരു ഐടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. ഓരോ വർഷവും ഈ ക്ലബ്ബിൽ 90 ൽ അധികം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, മൊബൈൽ ആപ്പുകളുടെ വികസനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, വീഡിയോ ഡോക്യുമെന്റേഷൻ തുടങ്ങിയ സാങ്കേതിക ലോകത്തെ ഏറ്റവും പ്രസക്തമായ വിഷയങ്ങളാണ് ക്ലബ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

രണ്ട് LK ട്രെയിനേഴ്സിന്റെ നേതൃത്വത്തിലുള്ള ഈ ക്ലബ് ആഴ്ചയിൽ ഒരു ക്ലാസ് വീതം വിദ്യാർഥികൾക്ക് നൽകുന്നു. ഏറ്റവും പുതിയ സാങ്കേതികവിദ്യയുമായി അപ്ഡേറ്റ് ചെയ്യാനും അവരുടെ ആഗ്രഹത്തിനനുസരിച്ച് അവരുടെ കരിയർ തിരഞ്ഞെടുക്കാനും ഈ ക്ലബ് വിദ്യാർത്ഥികളെ സഹായിക്കുന്നു. ഇതിന് നേതൃത്വം നൽകുന്നത് ശ്രീമതി ക്ലോലിയ ജെയിംസും ശ്രീ അരുൺ റോയിയുമാണ്.

# സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്

സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനുമായി സെൻറ് തെരേസാസ് സ്കൂളിൽ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു. വിദ്യാർത്ഥികളിൽ സമ്മർദ്ദങ്ങളും ശാരീരിക–മാനസിക പീഡനങ്ങളുമൊക്കെ തടയുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതിയുടെ ഭാഗമായാണ് ഈ കൂട്ടായ്മ രൂപംകൊണ്ടത്.

ഗ്രൂപ്പിൽ പ്രധാന അധ്യാപികയും രക്ഷാകർത്താക്കളുടെ പ്രതിനിധികളും ജനപ്രതിനിധികളും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും ഉൾപ്പെടുന്നു. സ്കൂളിലെ അധ്യാപകനായ ശ്രീ എൽദോസ് ജോസഫ് കോഡിനേറ്റർ ആയി നിയമിക്കപ്പെട്ടു.

പ്രധാന ചുമതലകൾ:

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുക

രക്ഷാകർത്താക്കളുമായും പോലീസുമായും സഹകരിച്ച് സുരക്ഷ ഉറപ്പാക്കുക

സെമിനാറുകളും അവബോധ ക്ലാസുകളും സംഘടിപ്പിക്കുക

കുട്ടികളുമായി സൗഹൃദപരമായ ബന്ധം രൂപപ്പെടുത്തുക

ഈ ഗ്രൂപ്പ് മാസത്തിൽ ഒരിക്കൽ കൂടിയാലോചിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. സ്കൂൾ അധികൃതരുടെ, രക്ഷിതാക്കളുടെ, സാമൂഹിക പ്രവർത്തകരുടെയും സഹകരണത്തോടെ ഈ സംരംഭം വിജയകരമായി നടപ്പിലാക്കുന്നു.

# JUNIOR RED CROSS

കുട്ടികളിൽ സമൂഹികബോധം വർദ്ധിപ്പിക്കുക, സഹായമനോഭവം വളർത്തുക,ആരോഗ്യപരമായ അറിവ് വർദ്ധിപ്പിക്കുക നേതൃത്വം നൽകാനുള്ള കഴിവ് വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഈ അക്കാദമിക വർഷം JRC യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചു. ശ്രീമതി രേഷ്മ കെ ജെ യാണ് ഇതിന് നേതൃത്വം നൽകുന്നത്

ഇതിനായി ഈ വർഷം പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.കൂടാതെ ആരോഗ്യശുചിത്വ ക്ലാസുകൾ , പ്രഥമ ശുശ്രൂഷ ക്ലാസുകൾ ഇവ കൊടുക്കാൻ തീരുമാനിച്ചു. കുട്ടികൾ പങ്കെടുക്കുന്ന സമൂഹസേവന പരിപാടികൾ നടത്താൻ തീരുമാനിച്ചു.

# കായികം

കായിക രംഗത്ത് മികവ് പുലർത്തുന്ന ഈ വിദ്യാലയം 2024 – 25 അധ്യയനവർഷത്തിൽ യൂ.പി വിഭാഗം (ഉപജില്ല) റണ്ണർ അപ്പ് ആയിരുന്നു. ഈ വിദ്യാലയത്തിലെ കുട്ടികൾ സംസ്ഥാന തലത്തിൽ വരെ മത്സരിച്ച് വിജയം കൈവരിച്ചിട്ടുണ്ട് Athletics,Basketball, Football, Chess, തുടങ്ങി വിവിധ വിഭാഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. സൂംബ ഡാൻസ് ,ലഘു വ്യായാമങ്ങൾ എന്നിവ കായികപരിശീലനത്തിൻ്റെ ഭാഗമായി നടത്തപ്പെടുന്നു

2017 മുതൽ ഈ വിദ്യാലയത്തിൽ സംഘടിപ്പിച്ചുവരുന്ന തെരേസ്യൻ സോക്കർ (Inter School football tournament) ഏറെ പൊതുജന ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

# അനുബന്ധ പ്രവർത്തനങ്ങൾ

**1. മോറൽ സയൻസ് ക്ലാസുകൾ**

കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്തി ഉത്തമ പൗരൻമാരായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസ് വരെ മോറൽ സയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു.

**2. കാരുണ്യനിധി**

സഹജീവി സ്നേഹം .സഹാനുഭൂതി എന്നീ മൂല്യങ്ങൾ കുട്ടികളിൽ വളർത്തുന്നതിനും കുട്ടികൾക്കും മാതാപിതാക്കൾക്കും അവശ്യ സന്ദർഭങ്ങളിൽ സഹായം നൽകുന്നതിനമായി കാരുണ്യനിധി സഹായിക്കുന്നു

**3. ഒരു പിടി നൻമ**

ആലപ്പുഴ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം പഞ്ചായത്തിലെ എട്ട് കുടുംബങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ എല്ലാ മാസവും കുട്ടികളുടെ സഹകരണത്തോടെ നൽകുന്നു.

### 4. സുരക്ഷയ്ക്കായ് ഒരു മണിക്കൂർ

കുട്ടികളെ ട്രാഫിക്ക് നിയമങ്ങൾ പഠിപ്പിക്കാനും സുരക്ഷിതമായി റോഡ് കുറുകെ കടക്കാനും കുട്ടികളെ സഹായിക്കുന്ന പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

🌸 അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
🌸 താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
🌸 കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
🌸 വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
🌸 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
🌸 പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
🌸 ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
🌸 അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

🌸 റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
🌸 ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
🌸 സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
🌸 പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
🌸 ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
🌸 എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
🌸 ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
🌸 ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
🌸 വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
🌸 കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

🌸 വായനോത്സവം സംഘടിപ്പിക്കുന്നു.
🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
🌸 രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

🌸 ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
🌸 കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
🌸 ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
🌸 കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
🌸 വായനോത്സവം തുടങ്ങുന്നു
🌸 രചനോത്സവം തുടങ്ങുന്നു
🌸 പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
🌸 താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

🌸സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
🌸 ചിത്ര വായന നടത്തുന്നു.
🌸ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
🌸 ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
🌸 ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
🌸 ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

🌸 ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
🌸 രചന ശേഷി പരിപോഷിപ്പിക്കൽ.
🌸 ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
🌸 രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
🌸 ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
🌸 കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
🌸സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
🌸പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
🌸സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

🌸 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
🌸സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
🌸 കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
🌸 ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
🌸കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

🌸 ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
🌸 കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
🌸 സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
🌸വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
🌸 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

🌸 കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
🌸 കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർകുകളായി മാറ്റിയിട്ടുണ്ട്.
🌸 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
🌸 കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
🌸 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
🌸 സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
🌸 സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
🌸 ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
🌸 എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to  big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures  and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടണ്ണ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല<br>കഥ, കവിത,<br>രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇള | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകർ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകർ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകർ, കുട്ടികൾ | പി ടി എ<br>ഇല്ല |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| ലേഖനം<br><br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br><br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br><br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br><br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3 2024-2025

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദ മായി വായി ക്കാനും സംസാ രിക്കാനും എഴുതു വാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി യുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാ നുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവ ർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴു തൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗ ങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവ തരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വിക സനം | മൂന്നു മാസം കൂടു മ്പോൾ കുട്ടിക ളുടെ രചനകൾ ഉൾപ്പെ ടുത്തിക്കൊണ്ട് മാസിക തയ്യാറാ ക്കൽ | മൂന്ന് മാസത്തി ലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-<br>അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
